

## സഹയാത്രികർ

■ അബൂഫിദൽ

# ഒരു മാസിക; രണ്ടു ലേഖനം

***കമ്യൂണലിസം*** *കോംപാറ്റ്* അങ്ങനെയാണ്. പല അർഥത്തിലും അത് വ്യത്യസ്തത പുലർത്തുന്നു. ഏതെങ്കിലും വർഗീയ കലാപങ്ങളുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് അപ്പടി പ്രസിദ്ധീകരിച്ച ലക്കങ്ങൾ കാണാം. ആ ലക്കത്തിൽ അത് മാത്രമേ ഉണ്ടായിരിക്കൂ. 40 പേജ് മുഴുവൻ അതിനായി സമർപ്പിച്ചിരിക്കും. ഇങ്ങനെയും ആവാം മാസികകൾ എന്നാണ് *കോംപാറ്റ്* തെളിയിക്കുന്നത്. വ്യത്യസ്തത; ഒപ്പം പത്രാധിപർക്ക് പണി എളുപ്പവും. *കോംപാറ്റി*ന്റെ ഒക്ടോബർ ലക്കത്തിൽ എഡിറ്റോറിയൽ കൂടാതെ രണ്ടു ലേഖനങ്ങളേ ഉള്ളൂ. രണ്ടിലും വിഷയം മുസ്‌ലിം സ്ത്രീ അഥവാ ഇസ്‌ലാമിലെ സ്ത്രീ. നമ്മുടെ എം.എൻ കാരശ്ശേരി മോഡൽ ബാലസഹജമായ വിവരക്കേടുകളുടെ ആവർത്തനമല്ല; നിലവാരമുള്ള രണ്ട് ലേഖനങ്ങൾ.

മൗലവി മുംതാസ് അലി ലാഹോർ (1860–1935) 1898ൽ എഴുതിയ ലഘു ഗ്രന്ഥമാണ് *ഹുഖൂഖുന്നിസ്‌വാൻ*. ആണും പെണ്ണും ഇസ്‌ലാമിൽ തുല്യമാണെന്ന് സമർഥിക്കാനാണ് മൗലവി ഈ ഗ്രന്ഥമെഴുതിയത്. ആണിനാണ് മുൻഗണന എന്ന ഇസ്‌ലാമിക പണ്ഡിതന്മാർക്കിടയിലെ പരമ്പരാഗത ധാരണക്കെതിരായ മൂർച്ചയുള്ള ആക്രമണമാണ് ഗ്രന്ഥം. ഇതിന്റെ ഉള്ളടക്കത്തോട് നിങ്ങൾക്ക് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം; ഒരു നൂറ്റാണ്ട് മുമ്പ് ഇന്ത്യയിലെ ഒരു മൗലവി അങ്ങനെയൊരു ഗ്രന്ഥം രചിച്ചുവെന്നത് കൗതുകകരമായ കാര്യം തന്നെയാണ്. ആധുനികതയോട് ഏറെ സന്ധിചെയ്ത ഇന്ത്യൻ മുസ്‌ലിം നേതാവാണ് സർ സയ്യിദ് അഹ്മദ് ഖാൻ. സർ സയ്യിദിന് പോലും മൗലവിയുടെ പല കാഴ്ചപ്പാടുകളോടും വിയോജിപ്പായിരുന്നുവ

ത്രേ. *ഹുഖൂഖുന്നിസ്വാനി*ന്റെ ആദ്യ അധ്യായമാണ് ജാവേദ് ആനന്ദ് പരിഭാഷപ്പെടുത്തി *കോംപാറ്റ്* പ്രസിദ്ധീകരിച്ചിരിക്കുന്നത്. ടീസ്റ്റ സെറ്റിൽവാദിനോടൊപ്പം *കോംപാറ്റി*ന്റെ എഡിറ്ററായി പ്രവർത്തിക്കുന്നയാളാണ് ജാവേദ് ആനന്ദ്. ബഹുഭാര്യത്വം, ത്വലാഖ് തുടങ്ങിയ വിഷയങ്ങളിൽ ആധുനികതയുടെ അവബോധത്തിൽ നിന്നുകൊണ്ട് പരമ്പരാഗത ധാരണകൾക്കെതിരായ ആക്രമണമാണ് മൗലവി നടത്തുന്നത്. ഒരു നൂറ്റാണ്ട് മുമ്പ് എഴുതിയതു കൊണ്ടായിരിക്കാം വലിയ പുതുമയുള്ള ആശയങ്ങളൊന്നും അധികം കാണാൻ കഴിയില്ല.

എന്നാൽ ഒപ്പം കൊടുത്തിരിക്കുന്ന ലേഖനം ലോക പ്രശസ്ത ഇസ്‌ലാമിക് ഫെമിനിസ്റ്റ് അസ്മാ ബർലാസിന്റെ *ഖുർആനും വിമോചനവും* ശ്രദ്ധയോടെ വായിക്കേണ്ട ഗഹനമായ ഒന്നാണ്. sexual/textual oppression എന്ന പ്രമേയമാണ് ബർലാസ് മുന്നോട്ടു വെക്കുന്നത്. അതായത്, പാഠത്തെ പാരായണം ചെയ്യുന്നിടത്ത് സംഭവിക്കുന്ന ലിംഗ അടിച്ചമർത്തൽ. ഖുർആന്റെ പുരുഷാധിപത്യ വായനയാണ് ഇസ്‌ലാമിനെ സ്ത്രീ വിരുദ്ധമായി കാണാൻ ഇടയാക്കിയതെന്ന് ബർലാസ് സമർഥിക്കുന്നു. ഖുർആൻ അടിസ്ഥാനപരമായി പുരുഷാധിപത്യത്തിനെതിരായ പാഠമാണ് (anti patriarchal text). അതിനാൽ തന്നെ ഇസ്‌ലാമിലെ സ്ത്രീയെ കണ്ടെടുക്കാനും ഇസ്‌ലാമിന്റെ ലിംഗനീതിയെ വിശകലനം ചെയ്യാനും ഫെമിനിസത്തിന്റെയും പാശ്ചാത്യ മതേതരത്വത്തിന്റെയും സാമഗ്രികൾ ഉപയോഗിക്കേണ്ടതില്ലെന്ന് ബർലാസ് വാദിക്കുന്നു. അല്ലാഹുവിനെ പിതാവായി ഖുർആൻ എവിടെയും പരിചയപ്പെടുത്തുന്നില്ല; എന്നാൽ ക്രിസ്റ്റ്യാനിറ്റി ദൈവത്തെ പിതാവായി കാണുന്നു. മുഹമ്മദ് നിങ്ങളിൽ ആരുടെയും പിതാവല്ല എന്ന് ഖുർആൻ പറയുന്നു (33:6). ബൈബിളിന്റെയും ബൈബിൾ വ്യാഖ്യാനങ്ങളുടെയും സ്വാധീനമാണ് ഖുർആൻ വ്യാഖ്യാനങ്ങളുടെ പുരുഷാധിപത്യ പ്രവണതകൾക്ക് കാരണമെന്നും ബർലാസ് എഴുതുന്നു.

## മറവിക്കെതിരായ ഓർമപ്പെടുത്തൽ

മറവി മനശ്ശാസ്ത്രപരമായി വലിയൊരു അനുഗ്രഹവും പലപ്പോഴും അങ്ങേയറ്റം ദോഷകരവുമാണ്. പക്ഷേ രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും മറവി പ്രധാനപ്പെട്ടൊരു ആയുധമാണ്. അധീശ ബോധങ്ങൾ അതിന് പുറത്തുള്ള യാഥാർഥ്യത്തെയും ചരിത്രത്തെയും മറവികൾ അടിച്ചേൽപിച്ചുകൊണ്ടാണ് നിഷ്പ്രഭമാക്കാറുള്ളത്. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ നാടുകടത്തലിന്റെ ശതാബ്ദി ഈയിടെ സർക്കാർ നേതൃത്വത്തിൽ ആഘോഷിക്കപ്പെടുകയുണ്ടായി. നല്ലതു തന്നെ. പക്ഷേ. സ്വദേശാഭിമാനിയുടെ യഥാർഥ ശക്തിയും പിൻബലവുമായിരുന്ന വക്കം അബ്ദുൽ ഖാദർ മൗലവിയെ മറന്നു കൊണ്ട് നമുക്കൊരു സ്വദേശാഭിമാനി സാധ്യമല്ല എന്നതാണ് സത്യം. ഈ യാഥാർഥ്യത്തെ ഓർമപ്പെടുത്തുന്നതാണ് *ശബാബ്* വാരികയുടെ 09 ഒക്ടോബർ ലക്കം കവർസ്റ്റോറി- *മഹത്തായ മറവി.*

ചരിത്രകാരനായ എൻ.എ കരീമിന്റെ 'സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയും വക്കം മൗലവിയും' എന്ന ലേഖനം പണ്ഡിതോചിതമാണ്. രാമകൃഷ്ണപിള്ളയും മൗലവിയും തമ്മിലുള്ള ബന്ധവും ഇരുവരുടെയും രാഷ്ട്രീയ-പ്രത്യയശാസ്ത്ര നിലപാടുകളുമാണ് വിഷയം. രാമകൃഷ്ണ പിള്ളയുടെ സഹധർമിണി ബി. കല്യാണി അമ്മ 1948ൽ എഴുതിയ ലേഖനം (വക്കം മൗലവി: ആദർശധീരനായ പത്രയുടമ), മൂത്ത മകളായ കെ. ഗോമതി അമ്മ 1978 ൽ എഴുതിയ ലേഖനം (അഛന് കരുത്തായത് വക്കം മൗലവി) എന്നിവയും ശ്രദ്ധേയമാണ്. നാടുകടത്തൽ ശതാബ്ദിയുടെ സന്ദർഭത്തിൽ *ശബാബി*ന്റെ ഇടപെടൽ വ്യത്യസ്തമായി. ■